# കേരള സർവകലാശാല

ഏസി.എച്ച്/2023
24.06.2023

## കേരള സർവകലാശാല ഒന്നാം വർഷ ബിരുദ പ്രവേശനം 2023

## ഒന്നാം ഘട്ട അലോട്ട്മെന്റ് നിർദ്ദേശങ്ങൾ

- ഒന്നാം ഘട്ട അലോട്ട്മെന്റ് പരിശോധിക്കുന്നതിലേക്കായി അപേക്ഷാ നമ്പറും പാസ്സ് വേർഡും ഉപയോഗിച്ച് **പ്രൊഫൈലിൽ ലോഗ് ഇൻ ചെയ്ത് "Allotment"** എന്ന ടാബിൽ ക്ലിക്ക് ചെയ്യുക.
- അലോട്ട്മെന്റ് ലഭിച്ചവർ നിശ്ചിത **സർവകലാശാല ഫീസ്** (ഫീസ് വിശദാംശങ്ങൾ വെബ്സൈറ്റിൽ) **ജൂൺ 28 വരെ ഓൺലൈനായി** ഒടുക്കി അലോട്ട്മെന്റ് ഉറപ്പാക്കേണ്ടതും, Transaction Success എന്ന് രേഖപ്പെടുത്തിയിട്ടുള്ള രസീതിന്റെ പ്രിന്റൗട്ട് എടുത്ത് സൂക്ഷിക്കേണ്ടതുമാണ്.
- **ഓൺലൈനായി സർവകലാശാല ഫീസ് ഒടുക്കാത്ത അപേക്ഷകരുടെ അലോട്ട്മെന്റ് റദ്ദാകുന്നതും അവരെ തുടർന്ന് വരുന്ന രണ്ടും മൂന്നും അലോട്ട്മെന്റുകളിൽ പരിഗണിക്കുന്നതുമല്ല.**
- **അലോട്ട്മെന്റ് ലഭിച്ച അപേക്ഷകർ അവർക്ക് ലഭിച്ച സീറ്റിൽ തൃപ്തരല്ലെങ്കിൽ പോലും തുടർന്നുള്ള അലോട്ട്മെന്റുകളിൽ പരിഗണിക്കപ്പെടുന്നതിലേക്കായി സർവകലാശാല ഫീസ് അടയ്ക്കേതാണ്.**
- ഈ ഘട്ടത്തിൽ പ്രവേശനത്തിനായി കോളേജിൽ ഹാജരാകേണ്ടതില്ല.
- വിദ്യാർത്ഥികൾ ലഭിച്ച അലോട്ട്മെന്റിൽ തൃപ്തരാണെങ്കിൽ സർവകലാശാല ഫീസ് ഒടുക്കി അലോട്ട്മെന്റ് ഉറപ്പാക്കിയ ശേഷം ഹയർ ഓപ്ഷനുകൾ (അലോട്ട്മെന്റ് കിട്ടിയ ഓപ്ഷന് മുകളിലുള്ളവ ) ജൂൺ 28 ന് മുൻപായി നീക്കം ചെയ്യേണ്ടതാണ്.
- ഹയർ ഓപ്ഷനുകൾ നിലനിർത്തുന്ന അപേക്ഷകരെ അടുത്ത അലോട്ട്മെന്റിൽ പ്രസ്തുത ഓപ്ഷനുകളിലേയ്ക്ക് പരിഗണിക്കുന്നതും അപ്രകാരം ലഭിക്കുന്ന അലോട്ട്മെന്റ് നിർബന്ധമായും സ്വീകരിക്കേണ്ടതുമാണ്.

Sd/-

**രജിസ്ട്രാർ**